**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1408** **03-02-2026 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ ഉണ്ടായ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള മാറ്റം നിലനിർത്തുന്നതിനും തുടരുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള തുടർ പദ്ധതികൾ എന്തൊക്കെയാണ്; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള മാറ്റം നിലനിർത്തുന്നതിനും തുടരുന്നതിനുമായി 2026-27 വർഷത്തിലെ തുടർപദ്ധതികൾക്കായി ബജറ്റിൽ സ്കൂൾ അടിസ്ഥാന സൗകര്യ വികസനം , ബാരിയർ ഫ്രീ എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) | അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ചത് പോലെ തന്നെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സാങ്കേതികത വികസിപ്പിക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സാങ്കേതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്‌കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കിയ ഹൈടെക് സ്‌കൂൾ പദ്ധതിയ്ക്ക് 493.5 കോടി രൂപയും ഒന്നു മുതൽ ഏഴു വരെ ക്ലാസുകളുള്ള സ്‌കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയ ഹൈടെക് ലാബ് പദ്ധതിയ്ക്ക് 300 കോടി രൂപയും ഉൾപ്പെടെ 793.5 കോടി രൂപയുടെ പദ്ധതി അംഗീകാരം കിഫ്ബി നൽകുകയും 456.49 കോടി രൂപയ്ക്ക് ഹൈടെക് സ്കൂൾ പദ്ധതിയും 225.57 കോടി രൂപയ്ക്ക് ഹൈടെക് ലാബ് പദ്ധതിയും കൈറ്റ് പൂർത്തിയാക്കുകയും ചെയ്തു. |
| (സി) | ഹൈടെക് ലാബുകൾ ഏതെല്ലാം തരം സ്കൂളുകളിലാണ് സ്ഥാപിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | ഹൈടെക് ലാബുകൾ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11275 സ്‌കൂളുകളിൽ ഹൈടെക് ലാബ് |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഭാഗമായും 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കിയ ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി 4752 സെക്കന്ററി , ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലുമാണ് ഹൈടെക് ലാബുകൾ സജ്ജമാക്കിയത്. |
| (ഡി) | സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന രീതിയിൽ സർക്കാർ സ്കൂളുകളെ മാറ്റി എടുക്കാൻ സഹായിച്ച പ്രധാന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ഡി) | 1) ഭൗതിക സൗകര്യവികസനത്തിനായി കിഫ്ബി ധനസഹായത്തോടെയും പ്ലാൻ ഫണ്ട്, മറ്റ് ഫണ്ടുകൾ തുടങ്ങി വിവിധങ്ങളായ സ്കീമുകളിലൂടെയും ഭൗതിക സൗകര്യവികസന കാര്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ<br><br>2)ആധുനികവൽക്കരണത്തിന്റെ ഭാഗമായി 8 മുതൽ 12 വരെ ക്ലാസ്സ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദമാക്കിയത്.<br><br>3)പ്രൈമറി, അപ്പർപ്രൈമറി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചത്; റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്തത്.<br><br>4)അധ്യാപകരെ ഈ സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ സജ്ജമാക്കിയത്.<br><br>5)സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി നടത്തിയ വിവിധങ്ങളായ അക്കാദമിക പ്രവർത്തനങ്ങളിൽ സമൂഹപങ്കാളിത്തം ഉറപ്പാക്കിയത്. |
| (ഇ) | സ്കൂൾ ലൈബ്രറികളെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (ഇ) | സ്കൂൾ ലൈബ്രറി ശാക്തീകരണത്തിനായി 2025-26 വർഷത്തിൽ ' വായനയുടെ വസന്തം ' എന്ന പദ്ധതിയ്ക്കായി മുപ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ